സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 90-99

പാലൈ
PALAI பாலை
ISSN No: 3049-0316

# മലയാളസിനിമയിലെ കവിതകൾ

**ഡോ. ബ്രിൻസി മാത്യു**



**സംഗ്രഹം**

ദൃശ്യവും മൂർത്തവുമായ ഒരു കലാരൂപവും സാംസ്കാരികോൽപ്പന്നവുമാണ് സിനിമ. സിനിമയിൽ ദൃശ്യവിസ്മയത്തിന് പശ്ചാത്തലമൊരുക്കുകയാണ് സിനിമാഗാനങ്ങൾ ചെയ്യുന്നത്. കലയെ ആഘോഷങ്ങളുടെ ഭാഗമായി കണ്ടിരുന്ന പ്രേക്ഷകർക്ക് പ്രതീക്ഷ നൽകുന്ന രീതിയിൽ പാട്ടും സംഗീതവും സമന്വയിപ്പിച്ച് ദൃശ്യവിരുന്നൊരുക്കാൻ കഴിഞ്ഞതോടെ ചലച്ചിത്രങ്ങൾ ജനപ്രിയകലാരൂപമായി മാറി. ജനപ്രിയതയുടെ മുഖമായി ചലച്ചിത്രഗാനങ്ങൾ മാറുകയും ചെയ്തു. സംഗീതത്തിന്റെ ഏറ്റവും ജനപ്രിയരൂപവും ചലച്ചിത്രഗാനങ്ങൾ തന്നെ. വൈകാരികനിമിഷങ്ങളെ ആർദ്രമാക്കുതിന് അനുയോജ്യമായ സംഗീതം ഉപയോഗിക്കുകയെന്നത് ഇന്ന് പതിവുശൈലിയായി മാറുന്നു.

**താക്കോൽ വാക്കുകൾ:** കവിതാസിനിമ - ഛന്ദസ്സ് - ജനപ്രിയസിനിമ - മലയാളസിനിമ - പ്രയുക്ത കാവ്യം - ചലച്ചിത്രകവിത

ഇന്ത്യൻ സിനിമയുടെ ഭൂപടത്തിൽ പ്രമേയമികവുകൊണ്ടും കലാമൂല്യംകൊണ്ടും കാവ്യാത്മകതകൊണ്ടും ശ്രദ്ധനേടിയവയാണ് മലയാളസിനിമകൾ. ഇതോടൊപ്പം തന്നെ ജനപ്രിയ നാടകങ്ങളിലും ചൊൽക്കാഴ്ചകളിലും കാസറ്റ് കവിതകളിലുമൊക്കെ അഭിരമിച്ചിരുന്ന ഒരു പൂർവ്വകാലം മലയാളികൾക്കുണ്ടായിരുന്നു. കവിയരങ്ങുകളും ചൊൽക്കാഴ്ചകളും 1970 കളുടെ തുടക്കംമുതൽ കേരളത്തിൽ പ്രചാരം നേടിയിരുന്നു. അയ്യപ്പപ്പണിക്കർ, കാവാലം, എം. ഗോവിന്ദൻ തുടങ്ങിയവർ തീയേറ്ററിന്റെ സാധ്യത പ്രയോജനപ്പെടുത്തിയവരാണ്. നാടോടിപാരമ്പര്യം ഉൾക്കൊണ്ടവരാണ് കടമ്മനിട്ട, വിനയചന്ദ്രൻ തുടങ്ങിയവർ. എൺപതുകളോടെ കവിയരങ്ങുകൾക്ക് പ്രചാരം കുറയുകയും അവതരണരീതിക്ക് പ്രചാരമേറിവരികയും ചെയ്തു. പിന്നീട് ഓഡിയോ കാസറ്റുകളിലൂടെ കവിത ചൊല്ലൽ വ്യത്യസ്ത രൂപം സ്വീകരിച്ചു. ഒ.എൻ.വി. യുടെയും മധുസൂദനൻനായരുടെയും കവിതകൾ കൂടുതൽ പ്രചാരം നേടി. മുരുകൻ കാട്ടാക്കടയുടെയും അനിൽ പനച്ചൂരാന്റെയും കവിതകൾ പാട്ടുവഴി സ്വീകരിച്ചു. പിന്നീട് ജനപ്രിയസംഗീതത്തിന്റെ ഒരു ധാരയായി പാട്ടുകവിത മാറി. ദേശഭക്തിഗാനങ്ങൾ, നാടൻപാട്ടുകൾ, വിപ്ലവഗീതികൾ, കൃഷിപ്പാട്ടുകൾ, കർഷകസമരഗാനങ്ങൾ തുടങ്ങിയവയെല്ലാം മലയാളികളുടെയിടയിൽ സജീവമായിരുന്നു. പാട്ടുകൾക്ക് കാൽപ്പനിക പരിവേഷംകൂടി കലർന്നപ്പോൾ നാട്ടരങ്ങിൽനിന്ന്

* അസ്സോസ്സിയേറ്റ് പ്രൊഫസർ, ദേവമാതാ കോളേജ് കുറവിലങ്ങാട്, 9446442808

സിനിമാശാലകളിലേക്ക് ഗാനങ്ങളും കവിതകളും കുടിയേറി. "തുടക്കത്തിൽ ഫോക്-ക്ലാസ്സിക്കൽ ഗാനസംസ്കാരം സിനിമ നന്നായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സിനിമയുടെ ജനപ്രിയതയ്ക്ക് ഇതൊരു കാരണമായി. വഞ്ചിപ്പാട്ടും കൃഷിപ്പാട്ടും കമ്മാട്ടിപ്പാട്ടുകളുമൊക്കെ ബഹുജനജീവിതത്തിലെ വിവിധ ദശകളെ പ്രതിഫലിപ്പിക്കുന്നതാണ്. ജനപ്രിയ കലാരൂപമെന്ന നിലയ്ക്ക് സിനിമയ്ക്ക് ഇതാവശ്യവുമായിരുന്നു" (2019:12). നാല്പതുകളിലെ ജനപ്രിയസിനിമ ക്ലാസ്സിക്കൽ സംഗീതത്തിന്റെ ആലാപനവൈദഗ്ധ്യമാണ് കൂടുതൽ പ്രയോജനപ്പെടുത്തിയത്. എന്നാൽ അൻപതുകളോടെ ക്ലാസ്സിക്കൽ പാരമ്പര്യം കൂടുതൽ നേർത്തുവരുന്നതായി കാണാം. ജനപ്രിയത വർദ്ധിപ്പിക്കുന്ന കച്ചവടതന്ത്രമായി ഇന്ന് സിനിമാഗാനങ്ങൾ മാറിക്കഴിഞ്ഞു. പ്രേക്ഷകരെ പലപ്പോഴും കാല്പനികമായ ഒരു ജീവിതാന്തരീക്ഷത്തിലേക്ക് നയിക്കുകയാണ് മിക്ക ചലച്ചിത്രഗാനങ്ങളും. "ചലച്ചിത്രഗാനങ്ങൾ പൊതുവെ ആശയതലത്തിൽ അമൂർത്തമായ ഉള്ളടക്കം പേറുന്നു. പലപ്പോഴും ചലച്ചിത്രസന്ദർഭവുമായി അഥവാ ആഖ്യാനവുമായി അത് ലയിച്ചുചേരുന്നില്ല. പ്രണയം, ശോകം, ആനന്ദം തുടങ്ങിയ വികാരങ്ങളെ സ്പർശിച്ചുപോകുന്ന റെഡിമെയ്ഡ് ഗാനങ്ങളാണ് ഭൂരിഭാഗവും" (2007:69).ഗാനരചയിതാവും കവിയുമായ ഒ.എൻ.വി. കുറുപ്പ് ചലച്ചിത്രഗാനങ്ങളെ നിർവചിക്കുന്നത് ഇപ്രകാരമാണ്. "മൂന്നോ നാലോ നിമിഷങ്ങളിലൊതുങ്ങി നിൽക്കുന്ന ഒരു സ്വരശില്പമാണ് ചലച്ചിത്രഗാനം. തന്ത്രലയ സമന്വിതമായി അല്പം ചില വരികൾ; അവയിലൂടെ ഒരു ഭാവത്തിന്റെ ഉന്മീലനം; വിരൽത്തുമ്പുകൊണ്ടൊന്ന് തൊട്ടാലുടനെ പൊട്ടിവിടരുന്ന ചില പൂമൊട്ടുകളെ അനുസ്മരിപ്പിക്കുംവിധം അനായാസമധുരമായ ഭാവപ്രകാശനം. പദങ്ങളും ഇമേജുകളുമെല്ലാം അതിനുതകുംവിധമാകുന്നു. ഇതിനൊക്കെ പുറമെ നമ്മുടെ സഞ്ചിതസംസ്കാരത്തിന്റേയോ സ്മൃതിമേഖലയുടെയോ ഏതോ ചിലതുകൂടി സമന്വയിപ്പിച്ചുവെങ്കിലോ അപൂർവ്വസുന്ദരമായ ഒരു അനുഭവമായി പരിണമിക്കുമത്." (1996:664) സംവിധായകരും നിർമ്മാതാക്കളും വാണിജ്യാഭിവൃദ്ധി മുന്നിൽക്കണ്ടുകൊണ്ട് ഗാനചിത്രീകരണരംഗങ്ങൾ ക്രമപ്പെടുത്തുന്നു. സിനിമയുടെ പ്രമേയത്തിനും ശൈലിക്കുമനുസരിച്ച് ഗാനങ്ങൾ എഴുതിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്ന രീതിയാണ് പലപ്പോഴുമുള്ളത്. പ്രണയാനുഭൂതികളെയും ജീവിതത്തിലെ സംഘർഷാവസ്ഥകളെയും ചിത്രീകരിക്കാനുള്ള എളുപ്പവഴിയായി ചിത്രീകരിക്കപ്പെടുന്ന പല ഗാനരംഗങ്ങളും സമൂഹത്തിന്റെ സദാചാരപ്രബോധനങ്ങളെയും മൂല്യങ്ങളെയും മുറിച്ചുകടക്കുന്നു. "ബോധമനസ്സിൽ അടിച്ചമർത്തപ്പെട്ടതും അബോധമനസ്സിൽ ഉണർന്നിരിക്കുന്നതുമായ ലൈംഗികചോദനകളുടെ കൃത്രിമവും അനാരോഗ്യകരവുമായ അനുഭൂതികളാണ് സാധാരണ പ്രേക്ഷകർ സിനിമകളിലെ പ്രേമരംഗങ്ങളിലും പ്രേമഗാനങ്ങളിലും തേടുന്നത്" (1997:36). ഇപ്രകാരം പ്രേക്ഷകതാല്പര്യങ്ങൾക്കും ആസ്വാദനക്ഷമതയ്ക്കുമിടയിലൂടെ പ്രതിലോമസ്വഭാവമുള്ള സാമൂഹികവീക്ഷണങ്ങളും പ്രത്യയശാസ്ത്രങ്ങളും രൂപപ്പെട്ടുവന്നേക്കാം. എന്നാൽ പ്രേക്ഷകരുടെ ചിന്തയെയും ഭാവനയേയും ഉണർത്തുന്ന കവിതകളുടെ സാന്നിധ്യം വേറിട്ട ഒരനുഭൂതിയാണ് നല്കുന്നത്. "മഹത്തായ സിനിമകൾ കവിതയുടെ താളഘടനയിലേക്കും ആന്തരികമായ ഉണർവ്വിലേക്കും നയിക്കപ്പെടാറുണ്ട്" (1997:34). പാട്ടും കവിതയും രണ്ടു മാധ്യമമാണ്. കവിക്ക് സമൂഹത്തോടുള്ള പ്രതിബദ്ധതയും വൈകാരികസമീപനവും ആവിഷ്കരിക്കുന്നതാണ് കവിത. എന്നാൽ ഗാനങ്ങൾ കഥയിലെ കഥാപാത്രങ്ങളുടെ വൈകാരികമായ അവസ്ഥകളെയാണ് പലപ്പോഴും ചിത്രീകരിക്കുന്നത്. അവ ഒരു കഥാസന്ദർഭത്തെ അഥവാ രംഗചിത്രത്തെ വിശദമാക്കുകയോ പൂർണ്ണമാക്കുകയോ ചെയ്യുന്നു. ഒ.എൻ.വി.യുടെ അഭിപ്രായമിപ്രകാരമാണ്. "കവിതയും ഗാനവും രണ്ടാണ്. കവിത എനിക്ക് ഉപ്പാണ്. സന്തോഷത്തിന്റേതായാലും സന്താപത്തിന്റേതായാലും അശ്രുനീർ വറ്റി പരൽ രൂപത്തിൽ ഉരുവായിത്തീർന്ന ഉപ്പ്. അത് പാകത്തിനുചേർത്ത് ഞാനെന്റെ സഹയാത്രികർക്കു നൽകുന്ന പാഥേയം മാത്രമാണ് പാട്ട്. എന്നാൽ ആ പാഥേയം ഒരുക്കുമ്പോഴും അതിനു വേണ്ടതെല്ലാം എനിക്ക് നൽകുന്നത് എന്റെ കാവ്യാവബോധവും സഞ്ചിതസംസ്കാരവുമാണ്" (2009:156-157). കവിതയുടെ മറ്റൊരു പ്രയോഗം അഥവാ പ്രയുക്തകാവ്യം (Applied Poetry) ആണ് ഗാനങ്ങൾ എന്നു പറയാം. കവിതയെ പ്രായോഗികമായി ഉപയോഗപ്പെടുത്തുകയാണ് പ്രയുക്തകാവ്യത്തിൽ. ആശയങ്ങൾ കൈമാറ്റംചെയ്യുന്നതിനോ, വികാരങ്ങൾ ആവിഷ്കരിക്കുന്നതിനോ സാമൂഹികമാറ്റത്തിന് പ്രേരിപ്പിക്കുന്നതിനോ ഒക്കെ വേണ്ടി കവിതയെ വിവിധ രൂപങ്ങളിലേക്ക് മാറ്റി പ്രയോഗിക്കുകയാണ് പ്രയുക്ത കാവ്യത്തിൽ ചെയ്യുക. കേരളത്തിന്റെ ജനകീയ സംസ്കൃതിയുടെ ഈണങ്ങളെ ആധാരമാക്കി തനതായ ഗാനാവിഷ്കാരങ്ങൾ മലയാളസിനിമയിൽ ധാരാളമുണ്ടായിട്ടുണ്ട്. സംഗീതനാടകങ്ങളും

 ISSN No: 3049-0316


ഹിന്ദി, തമിഴ് സിനിമാഗാനങ്ങളും ഉത്തരേന്ത്യൻ-ദക്ഷിണേന്ത്യൻ സംഗീത മിശ്രണങ്ങളും കേരളത്തിന്റെ നാടോടിസംസ്കൃതിയുമൊക്കെ മലയാളചലച്ചിത്രഗാനരചനയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കോഴിക്കോട് അബ്ദുൾഖാദറും ബാബുരാജുമൊക്കെ പ്രാദേശിക മെഹ്ഫിലുകളിലൂടെ ഗാനവിസ്മയം ഒരുക്കിയവരാണ്. മലയാളത്തിന് യോജിച്ച ഈണപദ്ധതികൾക്ക് തുടക്കമിട്ടത് 'നീലക്കുയിൽ' എന്ന സിനിമയിലൂടെയാണ്. പ്രണയഗാനം, പ്രാർത്ഥനാഗാനം, ശോകഗാനം, ദേശഭക്തിഗാനം, മാപ്പിളപ്പാട്ട്, പതാകഗാനം, സമരഗാനം, ഭക്തിഗാനം, കുറത്തിപ്പാട്ട്, കുട്ടിപ്പാട്ട്, നാടൻപാട്ട് തുടങ്ങി വ്യത്യസ്ത രീതിയിലുള്ള ചലച്ചിത്രഗാനങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാസഭംഗിയും അലങ്കാരകല്പനകളും ആശയസമ്പുഷ്ടിയുമൊക്കെ നിറഞ്ഞ ഗാനങ്ങൾ കവിതയോട് അടുത്തുനിന്നു.

അനുഭൂതിയെ പൂർണ്ണമായി സംവേദനം ചെയ്യുവാൻ നല്ല കവിതയ്ക്കാവും. പ്രകടമായ താളമോ ആന്തരികതാളമോ ഒരു ലാവണ്യാനുഭവം കവിതയ്ക്ക് നൽകുന്നുണ്ട്. കാവ്യഭാഷയ്ക്ക് നിയതാർത്ഥമില്ലാത്തതിനാൽ പദത്തിനുതന്നെ അനന്തമായ അർത്ഥസാധ്യതകളുണ്ട്. "ജീവിതത്തിന്റെ പ്രാതിഭാസികവും പാരമാർത്ഥികവുമായ അനന്തമായ ഘടകങ്ങളിൽ ചിലതുമായി ഹൃദയസംവാദമുണ്ടാക്കുന്ന കവിതയിൽ അവ ഉണർത്തുന്ന പ്രതീതികളുടെ സാരമാണ് ശബ്ദവ്യാപാരത്തിലൂടെ ആവിഷ്കരിക്കുന്നത്. ആ പ്രതീതികളും അവയുടെ സമന്വയവുമെല്ലാം ഓരോ കവിതയിലും ഓരോ വിധത്തിലാണുണ്ടാവുകയെന്നത് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ" (1993:8-9) പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായം കവിതയുടെ സാധ്യതകളാണ് പറഞ്ഞുവയ്ക്കുന്നത്. കഥാസന്ദർഭത്തെ ഭാവനാകേന്ദ്രമാക്കാനും അതിനാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും ഗാനങ്ങളേക്കാൾ കവിതകൾക്ക് കഴിയുന്നു. അതുകൊണ്ടുതന്നെ കാവ്യാത്മകത തുളുമ്പുന്ന ഗാനങ്ങളോടൊപ്പം കവിതയും സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും കാതലായ പല മാറ്റങ്ങളും വരുത്തിയാണ് കവിതകൾ സിനിമയിൽ ഉപയോഗിച്ചിരിക്കുന്നത്. കവിതയിലെ എല്ലാ വരികളും ഉൾപ്പെടുത്താതിരിക്കുക, കവിതാവരികളെ പല്ലവിയോ അനുപല്ലവിയോ മാത്രമായി ഉപയോഗിക്കുക, സിനിമാസന്ദർഭത്തിനനുസരിച്ച് കവിതയിൽ മാറ്റങ്ങൾ വരുത്തുക, സംഗീതം കൂട്ടിച്ചേർക്കുക, വ്യത്യസ്ത താളത്തിലും ഈണത്തിലും ആലപിക്കുക തുടങ്ങിയ വ്യത്യാസങ്ങളാണ് പലപ്പോഴും ചലച്ചിത്രകവിതയിൽ കാണുക. സിനിമയ്ക്കുവേണ്ടി കവിത രചിക്കുകയുമാവാം.

കവിതയിലാകട്ടെ കാവ്യത്തിലാകട്ടെ വൃത്തവും അതിലെ ഭാവവും പ്രത്യേക പരിഗണന നേടുന്നു. ഗാനങ്ങളിൽനിന്നു വ്യത്യസ്തമായ അനുഭൂതിയുടെയും ആശയസംവേദനത്തിന്റെയും തലമാണ് കവിത പങ്കുവയ്ക്കുത്. കവിയുടെ ഹൃദയവികാരങ്ങളാൽ ജനിക്കുന്ന വാക്കുകൾ ഛന്ദസ്സിനുള്ളിലാകുമ്പോൾ ആ വരികൾക്ക് ആസ്വാദ്യതയേറുന്നു. കവിതയിലെ വൃത്തത്തെപ്പറ്റി വൃത്തശാസ്ത്രപണ്ഡിതർക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. ചൊല്ലുന്ന രീതി മാറിയാൽ ഒരേ അക്ഷരപംക്തിതന്നെ ഒന്നിലധികം വൃത്തമായിത്തീരുമെന്നാണ് കുട്ടികൃഷ്ണമാരാരുടെ അഭിപ്രായം. ആസ്വാദനാർത്ഥം സഹൃദയലോകം ചൊല്ലിപ്പോരുന്ന രീതിയേതോ അത് എന്നാണ് കെ.കെ. വാദ്ധ്യാരുടെ വീക്ഷണം. ഒരേ പാട്ടുതന്നെ സാധാരണമട്ടിലാരംഭിച്ച് രാഗാലാപംവരെ എത്താനാകുമെന്നാണ് അപ്പൻതമ്പുരാന്റെ അഭിപ്രായം. വാക്കുകളെപ്പോലെതന്നെ ഒരു വൃത്തത്തിന്റെ ചൊൽവടികൾക്കും ശ്രോതാവിൽ അനുരണനങ്ങളുണ്ടാക്കാൻ കഴിയും. ചലച്ചിത്രാവിഷ്കരണത്തിൽ കവിതയുടെ സാധ്യതകളെ പല തരത്തിൽ മലയാളസിനിമ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കവിതയിൽനിന്നും സിനിമയിൽനിന്നും നിരവധി ഘടകങ്ങളെ സംയോജിപ്പിച്ചുകൊണ്ട് രൂപംകൊള്ളുന്ന കവിതാസിനിമ പുതിയൊരു കലാശാഖയായി വളർന്നുവരുന്നു.

കുമാരനാശാന്റെ കരുണ 1966 ൽ കെ. അയ്യപ്പനും ബി.എം. പൊറ്റക്കാട്ടും വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' 1982 ൽ ജി. എസ്. പണിക്കരും സിനിമയാക്കിയിട്ടുണ്ട്. കെ.എസ്.കെ. തളിക്കുളത്തിന്റെ 'അമ്മുവിന്റെ ആട്ടിൻകുട്ടി', എം. ഗോവിന്ദന്റെ 'നോക്കുകുത്തി', ആശാന്റെ 'ദുരവസ്ഥ' എന്നിവയും സിനിമയാക്കപ്പെട്ടിട്ടുണ്ട്. അടുത്തകാലത്ത് മ്യൂസ് മേരിയുടെ 'ഉപ്പുതരിശ്' എന്ന കവിതാസമാഹാരത്തിലെ 'മിണ്ടാമഠം' എന്ന കവിത മിണ്ടാമഠം എന്ന പേരിൽ സിനിമയായി.

മലയാളത്തിലെ ഗാനരചയിതാക്കളിൽ പലരും കവികളായതുകൊണ്ടുന്നെ മിക്കഗാനങ്ങളും കാവ്യാത്മകമാണ്. വയലാർ, തിരുനല്ലൂർ, ഒ.എൻ.വി., പി. ഭാസ്കരൻ, ബിച്ചുതിരുമല, കൈതപ്രം,

ശ്രീകുമാരൻ തമ്പി, കാവാലം നാരായണപ്പണിക്കർ, ഭരണിക്കാവ് ശിവകുമാർ, ഗിരീഷ് പുത്തഞ്ചേരി, പൂവച്ചൽ ഖാദർ, യൂസഫലി കേച്ചേരി, കെ. ജയകുമാർ, എസ്. രമേശൻ നായർ തുടങ്ങിയവരെല്ലാംതന്നെ കാവ്യഗുണങ്ങൾ നിറഞ്ഞ ചലച്ചിത്രഗാനങ്ങൾ മലയാളസിനിമാലോകത്തിന് സമ്മാനിച്ചവരാണ്. ആദ്യകാല ചലച്ചിത്രഗാനങ്ങളിൽ ഏറിയപങ്കും ഉചിതമായ ഈണം സന്നിവേശിക്കപ്പെട്ട ചെറുകവിതകളാണെന്ന കാണാം. ആദ്യകാലങ്ങളിലെ സിനിമാഗാനങ്ങളിൽ മിക്കവയും നല്ല താളബോധത്തിലും വൃത്തഘടനയിലും രചിച്ച കവിതകളായിരുന്നു. സിനിമയിലെ മുഹൂർത്തങ്ങൾക്കനുസരിച്ചാണ് സിനിമാഗാനങ്ങൾ പിറവികൊള്ളുന്നത്. എന്നാൽ കവിതകൾ പലപ്പോഴും അങ്ങനെ രചിക്കുന്നവയല്ല. അതിനാൽ ചലച്ചിത്രകവിത കവിതയുടെ ഭാവത്തിനൊപ്പം അധികമായി കൂട്ടിച്ചേർക്കുന്ന സംഗീതവും മറ്റും കൂടിച്ചേർന്ന സീനുകളെ വേറിട്ട ഭാവതലങ്ങളിലേക്ക് ഉയർത്തുന്നു. സിനിമാസന്ദർഭങ്ങളെ തങ്ങളുടെ ഭാവനയുമായി ഇണക്കിച്ചേർത്ത് ഒരു പൂർണ്ണകവിതയാക്കി മാറ്റിയ ഗാനങ്ങൾ സമ്മാനിച്ചവരാണ് ആദ്യകാല ഗാനരചയിതാക്കൾ. 'നിർമ്മാല്യം' എന്ന ചിത്രത്തിൽ ഇടശ്ശേരിക്കവിതയും പുള്ളുവൻപാട്ടും ഇടകലർന്ന ദൃശ്യശ്രാവ്യഭംഗിയാണ് ലഭിക്കുക. ചെണ്ട മുതലായ ഉപകരണങ്ങളുടെ പശ്ചാത്തലത്തിൽ ഒരു നാടൻ ഈണം പകർന്ന് 'കാവിലെപ്പാട്ടിലെ' വരികൾ ഉപയോഗിച്ചിരിക്കുന്നു.

"ശ്രീ മഹാദേവൻ തന്റെ
ശ്രീ പുള്ളോർക്കുടം കൊണ്ട്......"

എന്നാരംഭിക്കുന്ന പുള്ളുവപ്പാട്ടും 'സമയമായീ, സമയമായീ', 'മുണ്ടകപ്പാടത്തെ കൊയ്ത്തും തീർന്നേ, 'പനിമതീമുഖീ ബാലേ' എന്നീ ഗാനങ്ങളും ഇടശ്ശേരിയുടേതാണ്. ഇടശ്ശേരിയുടെ തന്നെ വെയിൽമങ്ങീ മഞ്ഞക്കതിരുപൊങ്ങി' എന്ന പൂതപ്പാട്ടിലെ വരികളാണ് 'മൂവന്തിപ്പൂക്കൾ' എന്ന സിനിമയിൽ കെ.ജെ. യേശുദാസ് ആലപിച്ചിരിക്കുന്നത്. അതുപോലെ തന്നെ ചില്ല്' എന്ന സിനിമയിലും 'പൂതപ്പാട്ടിലെ' 'കേട്ടിട്ടില്ലേ...' എന്നു തുടങ്ങുന്ന വരികൾ സ്വീകരിച്ചിട്ടുണ്ട്.

ജി. ശങ്കരക്കുറുപ്പിന്റെ ഒരു ശുദ്ധ കവിത തന്നെ 'അഭയം' എന്ന സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്. ആശയത്തെ പ്രഫുല്ലമാക്കി ശാന്തനിർവൃതിയിലേക്ക് നയിക്കുന്ന വരികളാണ് 'ശ്രാന്തമംബരം' എന്ന കവിതയിലേത്.

"ശ്രാന്തമംബരം
നിദാഘോഷ്മള സ്വപ്നാക്രാന്തം
താന്തമാരബ്ധക്ലേശ രോമന്ഥം
മമ സ്വാന്തം
ശ്രാന്തമംബരം....". മലയാളസിനിമയിലെ എക്കാലത്തേയും സുന്ദര കവിതയാണിത്.

വയലാർ കവിതയും ഗാനവും തമ്മിലുള്ള അതിർത്തികളെ ഇല്ലാതാക്കാൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം സംഗീതത്തെ കവിതയിലും കവിതയെ സംഗീതത്തിലും സമന്വയിപ്പിച്ചു. "പ്രയുക്തകാവ്യം എന്നു പറയാനാവുംവിധം വയലാറിന്റെ ഓരോ ഗാനവും കാവ്യപരിവേഷമാർന്നതാണ്" (2018-15). 1956 ൽ 'കൂടപ്പിറപ്പ്' എന്ന സിനിമയ്ക്കുവേണ്ടി ഗാനം എഴുതി സിനിമാജീവിതം തുടങ്ങിയ വയലാർ ഇരുന്നൂറ്റിയൻപതിലേറെ ചിത്രങ്ങൾക്ക് 1300 ഓളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. കവിത തുളുമ്പുന്നവയാണ് അവയിൽ പലതും. വയലാറിന്റെ ഈശ്വരസങ്കല്പം നന്മയും സ്നേഹവുമായി രൂപംപ്രാപിക്കുന്നതാണ് "പോസ്റ്റുമാനെ കാണാനില്ല' എന്ന ചിത്രത്തിലെ

'ഈശ്വരൻ ഹിന്ദുവല്ല, ഇസ്ലാമല്ല, ക്രിസ്ത്യാനിയല്ല, ഇന്ദ്രനും ചന്ദ്രനുമല്ല' എന്ന വരികളിൽ കാണുന്നത്. ഓടയിൽനിന്ന് എന്ന ചിത്രത്തിലും വയലാർ തന്റെ ഈശ്വരദർശനം പ്രേക്ഷകർക്ക് കൈമാറുന്നുണ്ട്.

"മാനത്തു ദൈവമില്ല, മണ്ണിലും ദൈവമില്ല,
മനസ്സിലാണ് ദൈവം
മനസ്സിലെ ദൈവം മനുഷ്യന് നൽകിയ
മണിവിളക്കാണല്ലോ സ്നേഹം"

 ISSN No: 3049-0316


'അശ്വമേധം' എന്ന സിനിമയിലേതാണ് 'ഒരിടത്തു ജനനം ഒരിടത്തു മരണം ചുമലിൽ ജീവിതഭാരം' എന്ന വരികൾ. ഗാനങ്ങളോടൊപ്പം കവിതയും സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്.

കവിതയ്ക്ക് ചലച്ചിത്രത്തിൽ സ്ഥാനമുണ്ടെന്ന് കാട്ടിത്തന്ന ഒ.എൻ.വി. കുറുപ്പിന്റെ ഒട്ടുവളരെ ഗാനങ്ങളും കവിത തന്നെയായിരുന്നു."ഒ.എൻ.വി. യുടെ ചലച്ചിത്രഗാനങ്ങൾ അടിമുടിക്കവിതതന്നെയാണ്. കവിതവർഷം." (1999:21) ഉൾക്കടൽ എന്ന സിനിമയിലെ

"നഷ്ടവസന്തത്തിൻ തപ്തനിശ്വാസമേ!
മുഗ്ദ്ധലജ്ജാവതീ ലാവണ്യമേ!"
"ശരദിന്ദു മലർദീപനാളം നീട്ടി
സുരഭിലയാമങ്ങൾ ശ്രുതി മീട്ടി" തുടങ്ങിയ വരികൾ ഉദാഹരണങ്ങളാണ്.

'സൃഷ്ടിതൻ സൗന്ദര്യമുന്തിരിച്ചാറിനായ്
കൈക്കുമ്പിൾ നീട്ടുന്ന നിങ്ങൾ' എന്നാരംഭിക്കുന്ന 'സൃഷ്ടി' യിലെ ഗാനം 'അഗ്നിശലഭത്തിലെ ഞാൻ' എന്ന ഒ.എൻ.വി.ക്കവിതയാണ്.

'ഒരു തത്ത്വശാസ്ത്രത്തിൻ
തൈനട്ടു ഞാനെന്നും
പിഴുതുനോക്കുന്ന വേരെണ്ണാൻ!' എന്നവസാനിക്കുന്ന കവിത ഗാനമാക്കിയപ്പോൾ അധികമായി എഴുതിച്ചേർത്തതാണ് പല്ലവി.

'മനസ്സിന്റെ തീർത്ഥയാത്ര' എന്ന ചിത്രത്തിലെ

"നടന്നും നടന്നേറെത്തളർന്നും തളർന്നുതെ-
ല്ലിരുന്നും, ഇരുന്നിളവേല്ക്കവേ ഒരു സ്വപ്നം നണഞ്ഞും,
ഒരു കിളിയൊച്ച കേട്ടുണർന്നും, വീട-
ണഞ്ഞ മയക്കത്തിൻ വർണ്ണപ്പൊട്ടുകൾ....." എന്ന വരികൾ ഒരു മന്ത്രമായി മുഴങ്ങുമ്പോൾ കവിതയുടെ ആസ്വാദനരസവും അനുഭൂതിയും അതിൽ മുന്നിട്ടുനിൽക്കുന്നു. കേരളവർമ്മ പഴശ്ശിരാജ'യിലെ

"ആദിയുഷഃസന്ധ്യ പൂത്തതിവിടെ
ആദിസർഗ്ഗതാളമാർന്നതിവിടെ
ബോധനിലാപ്പാൽ കാണും
മാമുനിമാർ തപം ചെയ്തും
നാകഗംഗയൊഴുകി വന്നതിവിടെ....." എന്നുതുടങ്ങുന്ന ഗാനത്തിലും സമാനമായ കാവ്യാനുഭവമാണുണ്ടാകുന്നത്.

കാല്പനികവും ആർദ്രവുമായ പ്രണയകഥ അവതരിപ്പിക്കുന്ന ചില്ല് സിനിമയിൽ ഒ.എൻ.വി.യുടെ 'മോഹം' എന്ന കവിതയാണ് സ്വീകരിച്ചിരിക്കുന്നത്.

"ഒരു വട്ടംകൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം" എന്നു തുടങ്ങുന്ന വരികൾ സൃഷ്ടിക്കുന്ന ഒരു ഭാവപ്രപഞ്ചം ഒന്നു വേറെതന്നെ. മലയാളിയുടെ ഗൃഹാതുരത്വം ഇത്രമാത്രം ഉണർത്തിയ മറ്റൊരു കവിതയില്ലെന്നുപറയാം.

കവിത തുളുമ്പുന്ന നിരവധി ഗാനങ്ങൾ ഒ.എൻ.വി. രചിച്ചിട്ടുണ്ട്.

'മഞ്ഞിൻ വിലോലമാം യവനികയ്ക്കുള്ളിലൊരു' (ഉത്തരം)
'നിന്നിലസൂയാർന്നെന്തിനോ ഞാൻ ശ്യാമ
സുന്ദരിയാം രാത്രി' (ഉത്തരം)
'തിരുനടവാതിൽ തുറന്നു, ഉഷഃശ്രീ പോലെ' (ഒരു കടങ്കഥപോലെ)

'തൊഴുതുമടങ്ങും സന്ധ്യയുമേതോ' (അക്ഷരങ്ങൾ) തുടങ്ങിയ ഗാനങ്ങൾ ചലച്ചിത്രങ്ങൾക്കുവേണ്ടി എഴുതി കവിതകളായി പരിണമിച്ചവയാണ്.

ISSN No: 3049-0316

'ഒന്നിനി ശ്രുതിതാഴ്ത്തി പാടുക പൂങ്കുയിലേ
എന്നോമലുറക്കമായീ ഉണർത്തരുതേ' എന്നതും മികച്ച കവിതകളിലൊന്നായി കാണാം.

'തങ്കത്തളിരിലകൾ താലോലം പാടിപ്പാടി
പൊൻ തിരി തെറുക്കു വനഭൂമി...' എന്ന വരികൾ ഒ. എൻ. വി.യുടെ 'നീലക്കണ്ണുകൾ' എ കവിതയിലേതാണ്.

'എന്റെ കടിഞ്ഞൂൽ പ്രണയകഥ'യിലെ
പെൺകൊടീ നിന്നെയും തേടീ
എൻ പ്രിയ സ്വപ്നഭൂമിയിൽ വീണ്ടും' എന്നത് 'ചത്തവേരുകൾ' എന്ന കവിതയായിരുന്നു. കവിതയ്ക്ക് ഗാനത്തിന്റെ ചിറകുകൊടുത്തപ്പോൾ അതുകൂടുതൽ ജനകീയമായി.

നഖക്ഷതങ്ങൾ എന്ന സിനിമയിലെ 'വ്രീളാഭരിതയായ് വീണ്ടുമൊരു' എന്നു തുടങ്ങുന്ന വരികൾ ഒ.എൻ.വിയുടേതാണ്.

"വ്രീളാഭരിതയായ് വീണ്ടുമൊരു
പുലർവേള കണ്ണുചിമ്മിയുണർന്നു
പൂവും പ്രസാദവും നീട്ടിനിൽക്കുമ്പോഴും
ഏതോ വിഷാദം വിതുമ്പീ..."

സിനിമയിലേക്കുള്ള ഒരു പ്രവേശകമായി ഈ കവിത മാറുന്നു.

ചങ്ങമ്പുഴക്കവിതകൾ ചലച്ചിത്രത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഡി.എം. പൊറ്റേക്കാട് എഴുതി സംവിധാനം ചെയ്ത് അവതരിപ്പിച്ച 'രമണൻ' എന്ന ചിത്രം ചങ്ങമ്പുഴയുടെ 'രമണൻ' എന്ന പ്രണയകാവ്യത്തിന്റെ ചലച്ചിത്രാവിഷ്കാരമാണ്. ചങ്ങമ്പുഴയുടെ രചനയ്ക്ക് സംഗീതസംവിധാനം നിർവ്വഹിച്ചത് കെ. രാഘവൻ ആണ്. 'കാനനച്ഛായയിൽ ആടുമേയ്ക്കാൻ', 'ഏകാന്ത കാമുകാ നിൻ', 'പൊട്ടുകില്ലിനി ഞങ്ങളിലുള്ളൊരീ, 'മലരണിക്കാടുകൾ', 'അഴകലകൾ ചുരുളു', 'ചപല വ്യാമോഹങ്ങൾ', 'നീലക്കുയിലേ നീലക്കുയിലേ, 'പ്രാണനായക തവ', 'സംഭ്രതമീ പ്രേമ', 'വെള്ളിനക്ഷത്രമേ നിന്നെ നോക്കി', 'ആ മണിമേടയിലെൻ', 'അങ്ങോട്ടുനോക്കിയാലെന്തുകാണാം' എന്നീ കാവ്യശകലങ്ങളാണ് ഈ ചിത്രത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

സാറാ തോമസിന്റെ 'മുറിപ്പാടുകൾ' എന്ന ചെറുകഥയെ ആസ്പദമാക്കി നിർമ്മിച്ച 'മണിമുഴക്കം' എന്ന സിനിമയിൽ ചങ്ങമ്പുഴയുടെ

'മണിമുഴക്കം സമയമായ് മരണ
മണിമുഴക്കം വരുന്നു വരുന്നു ഞാൻ
പ്രണയനാടകം മാമകം ഘോരമാം
നിണമണിയലിൽ തന്നെ കഴിയേണം' എന്ന വരികൾ കഥാതന്തുവിന് ഭാവസാന്ദ്രമായ തലം സൃഷ്ടിക്കുന്നു.

ഡി. കെ. പൊറ്റെക്കാട് നിർമ്മിച്ച 'കളിത്തോഴി' എന്ന സിനിമയിൽ

'കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചി കലുങ്ങിക്കലുങ്ങി....'

എന്നു തുടങ്ങുന്ന വരികൾ ചങ്ങമ്പുഴയുടെ 'കാവ്യനർത്തകി' എന്ന കവിതയിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്. 1994 ൽ പുറത്തിറങ്ങിയ 'ചീഫ് മിനിസ്റ്റർ' എന്ന സിനിമയിൽ ചങ്ങമ്പുഴയുടെ തന്നെ വാഴക്കുലയിലെ 'മലയപ്പുലയനാം മാടത്തിൻ..." എന്ന കവിതാഭാഗം സ്വീകരിച്ചിട്ടുണ്ട്. 2014 ൽ പുറത്തിറങ്ങിയ 'ഒറ്റമന്ദാരം' എന്ന സിനിമയിൽ

"ആരു വാങ്ങുമിന്നാരുവാങ്ങുമീ-

യാരാമത്തിന്റെ രോമാഞ്ചം?... '

എന്നാരംഭിക്കുന്ന 'ബാഷ്പാഞ്ജലി'യിലെ വരികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2015 ൽ പുറത്തിറങ്ങിയ 'എന്നും നിന്റെ മൊയ്തീൻ' എന്ന ചിത്രത്തിലെ ഹിറ്റ് ഗാനമായ 'ശാരദാംബരം ചാരുചന്ദ്രിക...' എന്നു തുടങ്ങുന്ന ഗാനവും ചങ്ങമ്പുഴയുടെ കവിതയിലെ വരികളാണ്. ഷമീർ തുകലിൽ നിർമ്മിച്ച 'അരികിലുണ്ടായിരുങ്കെിൽ' എന്ന ചിത്രം ചങ്ങമ്പുഴയുടെ ജീവിതവും കവിതകളും ഭംഗ്യന്തരേണ ദൃശ്യവത്കരിക്കുന്നു. പ്രൊഫ. എം.കെ. സാനു രചിച്ച 'ചങ്ങമ്പുഴ-നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതിയെ ആസ്പദമാക്കിയാണ് കവിതയ്ക്കും സംഗീതത്തിനും ഏറെ പ്രാധാന്യം നല്കുന്ന ഈ സിനിമ അണിയിച്ചൊരുക്കിയത്.

1978 ൽ ഇറങ്ങിയ 'അണിയറ' എന്ന ഭരതൻ ചിത്രത്തിലെ 'അനഘസങ്കല്പഗായികേ' എന്നുതുടങ്ങുന്ന ഗാനം 'ഉപസർപ്പിണി' വൃത്തത്തിലുള്ള കവിതയാണ്.

കലയുടെ സർഗ്ഗാത്മകവും സാമൂഹികവുമായ തലത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള സിനിമകൾ കൊണ്ട് ശ്രദ്ധേയമായ ഇടംനേടിയ സംവിധായകനാണ് ലെനിൻ രാജേന്ദ്രൻ. ദേശകാലങ്ങളെയും ജീവിതപശ്ചാത്തലങ്ങളെയും പുതിയ ചലച്ചിത്രഭാഷയാൽ പുനർനിർമ്മിച്ച അദ്ദേഹം ദൃശ്യാവതരണത്തെ കാവ്യാത്മകമാക്കി. കലയുടെ കാവ്യാത്മകവും കാല്പനികവുമായ ഭാവപരിണതികളെ ചേർത്തുവെച്ച അദ്ദേഹത്തിന്റെ സിനിമകൾ വേറിട്ടുനിൽക്കുന്നു. "സംഗീതപരവും സാഹിത്യപരവും കാവ്യപരവുമായ ദൃശ്യസംസ്കാരധാരകൾ ഈ സിനിമകളിൽ പരന്നുകിടക്കുന്നു" (2018:86).

പാട്ടിന്റെയും കവിതയുടെയും സംസ്കൃതികൾ മിക്ക സിനിമകളുടെയും ഭാവരൂപങ്ങളെ നിർണ്ണയിച്ചു. ചില്ല്, മഴ, മകരമഞ്ഞ്, സ്വാതിതിരുനാൾ, ഇടവപ്പാതി തുടങ്ങിയ സിനിമകൾ ഉദാഹരണങ്ങളാണ്. "വൈവിദ്ധ്യമാർന്ന സൗന്ദര്യത്തിന്റെ സാംസ്കാരികമായ കെട്ടുകൾ ആണ് ലെനിൻ സിനിമകളിൽ ദൃശ്യവിചാരങ്ങളെ നിർവ്വചിക്കുന്നത്." (2018:86)

അദ്ദേഹത്തിന്റെ ആദ്യസിനിമയായ വേനൽ മുതൽ കവിതാപ്രണയം ദർശിക്കാവുന്നതാണ്. അയ്യപ്പപ്പണിക്കരുടെ 'രാത്രികൾ പകലുകൾ' എന്ന കവിത, എം.ബി.എസിന്റെ സംഗീതസംവിധാനത്തിൽ നെടുമുടിവേണു ആണ് ആലപിച്ചത്.

"നീ തന്നെ ജീവിതം സന്ധ്യേ
നീ തന്നെ മരണവും സന്ധ്യേ
നീ തന്നെയിരുളും
നീ തന്നെ മറയുന്നു
നീ തന്നെ നീ തന്നെ സന്ധ്യേ"

എന്ന വരികൾ കേരളക്കരയിൽ ഇത്രമാത്രം പ്രചാരത്തിലാവുന്നതിനു കാരണം ഈ സിനിമതന്നെയാണ്. കവിതയെ കൂടുതലായി ജനപ്രിയമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സിനിമയിൽ കൂടുതലായി കവിതകൾ കടന്നുവരുന്നതിലൂടെ കൂടുതൽ ആസ്വാദകവൃന്ദത്തെ ലഭിക്കുന്നു. കീഴാളലോകബോധത്തിന്റെ സൗന്ദര്യശാസ്ത്രം അടയാളപ്പെടുത്തുന്ന പുരാവൃത്തം സിനിമയിൽ ഡി. വിനയചന്ദ്രന്റെ കവിത 'ഒന്നാനാം മലമുകളിൽ' ഉപയോഗിച്ചിട്ടുണ്ട്.

ഫ്യൂഡൽ ശക്തികൾക്കെതിരായി 1960 കളിൽ കേരളത്തിലുണ്ടായ സമരത്തെ കമ്മ്യൂണിസ്റ്റ് കാഴ്ചപ്പാടിൽ അവതരിപ്പിച്ച 'മീനമാസത്തിലെ സൂര്യൻ' എന്ന സിനിമയിൽ ഏഴാച്ചേരി രാമചന്ദ്രന്റെ 'കയ്യൂർ' എന്ന കവിത വിപ്ലവഗീതമായി ഉപയോഗിച്ചിട്ടുണ്ട്.

സി.വി. യുടെ 'മാർത്താണ്ഡവർമ്മ' നോവലിന്റെ എതിർവായന എന്നു വിശേഷിപ്പിക്കപ്പെടുന്ന കലം എന്ന സിനിമ തുടങ്ങുന്നതുതന്നെ മധുസൂദനൻ നായർ ആലപിച്ച 'അഗ്നിസത്യങ്ങൾക്ക് ബലിയല്ല' എന്നു തുടങ്ങുന്ന കവിതയിലൂടെയാണ്.

മാറാട് സംഭവം പശ്ചാത്തലമായി വരുന്ന അന്യർ എന്ന സിനിമയിൽ റസിയ എന്ന ചാനൽ പ്രവർത്തക കോളേജിൽ അവതരിപ്പിക്കുന്ന 'മുണ്ടകപ്പാടത്തെ..' എന്നാരംഭിക്കുന്ന കവിത ബാബു

ഭരദ്വാജ് രചിച്ചതാണ്. ഈ കവിതയാണ് സിനിമയിൽ മതമൗലികവാദികളെ സംഘർഷത്തിലേക്ക് നയിക്കുന്നത്.

മാധവിക്കുട്ടിയുടെ 'നഷ്ടപ്പെട്ട നീലാംബരി' അടിസ്ഥാനമാക്കി നിർമ്മിച്ച മഴ എന്ന സിനിമയിലെ "ഇത്രമേൽ മണമുള്ള കുടമുല്ലപ്പൂവുകൾക്കെത്ര കിനാക്കളുണ്ടായിരിക്കാം" എന്ന കവിത രചിച്ചത് കെ. ജയകുമാറാണ്.

നീലാംബരി രാഗത്തിന്റെ പശ്ചാത്തലത്തിലൊഴുകുന്ന 'മഴ'യിൽ പ്രണയവിലോലയായ നായിക ആലപിക്കുന്ന 'ആരാദ്യം പറയും' എന്ന കവിത ഒ.വി. ഉഷ രചിച്ചതാണ്. ആസ്വാദകരെ ഒരു പ്രണയാനുഭവത്തിലേക്ക് ഈ കവിത മെല്ലെ കൂട്ടിക്കൊണ്ടുപോകുന്നു. ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' എന്ന കഥ ആധാരമാക്കി നിർമ്മിച്ച രാത്രിമഴ എന്ന സിനിമയിൽ രാത്രിമഴ എന്ന കവിതയുടെ ദൃശ്യാവിഷ്കരണം പ്രധാന സ്വീക്വൻസുകളിലൊാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി കാംക്ഷിക്കുന്ന ടിബറ്റൻ ജനതയെ ആവിഷ്കരിക്കുന്ന 'ഇടവപ്പാതി' എന്ന കവിതയിൽ റോസ്മേരിയുടെ കവിത ഉപയോഗിച്ചിട്ടുണ്ട്.

"വേനലിന്റെ ചിറകിലേറി മീനം വിരുന്നുവന്ന പ്രണയത്തിന്റെ കാണാതീരങ്ങളിലേക്ക്..." എന്ന വരികൾ ആസ്വാദകരെ തീക്ഷ്ണവികാരങ്ങളിലേക്ക് നയിക്കുന്നു. 'സമയമായില്ലപോലും' എന്നുപറയുന്ന ആശാന്റെ 'കരുണ'യെ തിരശ്ശീലയിലേക്ക് വ്യതിരിക്തമായി മാറ്റി എഴുതാൻ ഇടവപ്പാതിക്ക് കഴിഞ്ഞു. യാമിനി-സിദ്ധാർത്ഥ് പ്രണയത്തോടൊപ്പം 'കരുണ'യിലെ ഉപഗുപ്തൻ വാസവദത്ത വിഖ്യാതപ്രണയകഥയെയും സമന്വയിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നു.

ജീവിതത്തിനുള്ളിലെ സൂക്ഷ്മമായ കാല്പനികധാരയെയും ചരിത്രബോധത്തെയും തീക്ഷ്ണതയോടെ അവതരിപ്പിക്കാൻ ലെനിൻ രാജേന്ദ്രൻ തന്റെ സിനിമകളിൽ ഉപയോഗിച്ച കവിതാമുഹൂർത്തങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കഥാപാത്രങ്ങളുടെ സൂക്ഷ്മസംത്രാസങ്ങൾ സമ്യക്കായി ആ കവിതകൾ സംവേദനം ചെയ്തു. ചലച്ചിത്രകലയെ ജാഗ്രതയോടെ നോക്കിക്കണ്ട ലെനിൻ രാജേന്ദ്രൻ ഗാനത്തിന്റെയും കവിതയുടേതുമായ പാട്ടുകൾകൊണ്ട് ചലച്ചിത്രം രചിച്ച ഒരു മഹാപ്രതിഭയായിരുന്നു.

വിപ്ലവകവിതകളുടെ തേരാളിയായിരുന്ന അനിൽ പനച്ചൂരാൻ ഗാനങ്ങൾ മാത്രമല്ല, ഒരു പിടി നല്ല കവിതകളും മലയാളസിനിമയ്ക്ക് സമ്മാനിച്ചിട്ടുണ്ട്. അറബിക്കഥ എന്ന സിനിമയിലെ യേശുദാസ് ആലപിച്ച 'തിരികെ ഞാൻ ...' എന്നുതുടങ്ങുന്ന ഹിറ്റ് ഗാനം അദ്ദേഹത്തിന്റെ 'പ്രവാസികളുടെ പാട്ട്' എന്ന കവിതയുടെ ഗാനാവിഷ്കാരം ആയിരുന്നു. കുവൈറ്റ് യുദ്ധം തുടങ്ങിയ കാലത്ത് അദ്ദേഹം എഴുതിയ കവിതയായിരുന്നു ഇത്.

"തിരികെ ഞാൻ വരുമെന്ന വാർത്ത കേൾക്കാനായി
ഗ്രാമം കൊതിക്കാറുണ്ടെന്നും
തിരികെ മടങ്ങുവാൻ തീരത്തടുക്കുവാൻ
ഞാനും കൊതിക്കാറുണ്ടെന്നും".

ജന്മനാടിനോടുള്ള മമത ഈ വരികൾ സുവ്യക്തമാക്കുന്നു.

മലയാളികളുടെ മാത്രമല്ല ലോകകവികളുടെ കവിതകൾ വരെ മലയാളസിനിമയിൽ അനുഭൂതിയുടെ തലം പങ്കുവയ്ക്കുന്നു. നോബൽസമ്മാനജേതാവായ നെരൂദയുടെ കവിതകൾ മലയാളസിനിമയിൽ ഇടം പിടിച്ചിട്ടുണ്ട്. 'ഷട്ടർ' എന്ന സിനിമയിൽ നെരൂദയുടെ 'Tonight I can write the saddest lines' എന്ന കവിതയുടെ മലയാളവിവർത്തനം ചേർത്തിട്ടുണ്ട്. പ്രണയവർണങ്ങൾ എന്ന ചിത്രത്തിലെ 'ഒരു കുല പൂ പോലെ' എന്ന കവിത 'Everyday you play' എന്ന കവിതയുടെ വിവർത്തനമാണ്. ഗുൽമോഹർ എന്ന ചിത്രം അവസാനിക്കുന്നത് നെരൂദയുടെ കവിതയിലൂടെയാണ്. ഋതു എന്ന സിനിമയിലും അമ്മ അറിയാൻ എന്ന ചിത്രത്തിൽ പശ്ചാത്തലമായും നെരൂദയുടെ കവിത കാണാം.

'സ്പിരിറ്റ് 'എന്ന സിനിമയിൽ വിജയ് യേശുദാസ് ആലപിച്ച റഫീക്ക് അഹമ്മദിന്റെ കവിതയാണ് 'മഴകൊണ്ടുമാത്രം'.

"മഴകൊണ്ടുമാത്രം മുളയ്ക്കുന്ന വിത്തുകൾ
ചിലതുണ്ടു മണ്ണിൻ മനസ്സിൽ

 ISSN No: 3049-0316


പ്രണയത്തിനാൽ മാത്രം എരിയുന്ന ജീവന്റെ തിരികളുണ്ടാത്മാവിനുള്ളിൽ...."

എന്ന കവിതാശകലം സൃഷ്ടിക്കുന്ന ഭാവതലം സിനിമയെ കൂടുതൽ ഹൃദയഹാരിയാക്കുന്നു.

ഇതേ സിനിമയിൽത്തന്നെ കഥാപാത്രത്തിന്റെ ആവിഷ്കാരമായി മാറിയ വരികളാണ് 'മരണമെത്തുന്ന നേരത്ത്' എന്ന കവിതയിലെ വരികൾ.

"മരണമെത്തുന്ന നേരത്തു നീയെന്റെ
അരികിലിത്തിരിനേരമിരിക്കണേ
കനലുകൾ കോരി മരവിച്ച വിരലുകൾ
ഒടുവിൽ നിന്നെത്തലോടി ശമിക്കുവാൻ"

അരവിന്ദന്റെ 'ഉത്തരായനം' എന്ന സിനിമയിൽ ജി. കുമാരപിള്ള എഴുതി രാഘവൻ മാഷിന്റെ ഈണത്തിൽ യേശുദാസ് ആലപിച്ച

'ഹൃദയത്തിൽ രോമാഞ്ചം സ്വരരാഗഗംഗയായ്
പകരുന്ന മണിവീണ മൂകമായി....'

എന്ന വരികൾ മലയാളസിനിമയിലെ ഉദാത്തമായ കാവ്യരീതിയാണ്. കവിതയിൽ നിറഞ്ഞുനിന്ന നേർത്ത വിഷാദസ്പർശമുള്ള ദാർശനികഭാവത്തിന് അനുയോജ്യമായ ഒരു പരിസരം അരവിന്ദൻ സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ 'പോക്കുവെയിൽ' എന്ന സിനിമയിൽ ചുള്ളിക്കാടിന്റെ കവിത സ്വീകരിച്ചിട്ടുണ്ട്.

'പുലിജന്മം' എന്ന സിനിമയിലെ

'ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ടെന്ന്
ഒരില തന്റെ ചില്ലയോടോതി' എന്ന വരികൾ സച്ചിദാനന്ദന്റെ ഒരു ഗസൽ ഗാനമാണ്.

'ദൈവത്തിന്റെ വികൃതികൾ' എന്ന സിനിമയിൽ അൽഫോൻസച്ചന്റെ ഒറ്റപ്പെടലും നിസ്സഹായതയും അവതരിപ്പിക്കാൻ വി. മധുസൂദനൻ നായരുടെ കവിതയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

'ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തി നീ
നിറമുള്ള ജീവിതപ്പീലി തന്നു
എൻ ചിറകിനാകാശവും നീ തന്നു
നിന്നാത്മശിഖരത്തിലൊരു കൂടുതന്നു...'

ഈ വരികൾ സൃഷ്ടിക്കുന്ന ഒരു ഭാവഗരിമ സിനിമയെ അത്യാകർഷമാക്കുന്നു.

'മലയാളം' എന്ന സിനിമയുടെ ശീർഷകഗാനം 'മലയാളമേ പ്രിയ മലയാളമേ' എന്ന വരികൾ 'കേരളപ്പിറവി വരാനിരിക്കുന്നു' എന്ന റഫീക്ക് അഹമ്മദിന്റെ കവിതയാണ്. ഇന്ത്യയിൽ സംവരണവ്യവസ്ഥയുടെ ആവശ്യകത ചിത്രീകരിക്കുന്ന ചിതറിയവർ എന്ന സിനിമയിൽ എൻഡ് ടൈറ്റിൽസിനൊപ്പമുള്ള പശ്ചാത്തലഗാനമായി ഉപയോഗിച്ചിരിക്കുന്നത് കുരീപ്പുഴയുടെ 'കീഴാളർ' എന്ന കവിതയാണ്.

മലയാളസിനിമയിൽ ഉപയോഗിച്ച വിവിധ കവിതകൾ ആ സിനിമകളെ കൂടുതൽ ഭാവസാന്ദ്രമാക്കിയതായി കാണാം. സംവിധായകർ ചലച്ചിത്രത്തിന്റെ കഥയ്ക്കനുസരണമായി സൃഷ്ടിക്കുന്ന ഗാനങ്ങളേക്കാൾ കവിതകൾക്ക് കൂടുതൽ ഗഹനതയും ആശയസ്ഫുരണശേഷിയും ഉണ്ട്. കവിതകൾ സിനിമകളിലൂടെ കൂടുതൽ ജനപ്രിയമായതായും കാണാം. ദ്രുതഗതിയിൽ മനസ്സിൽനിന്നു വിട്ടുപോകാതെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞ് ഒരു വിമലീകരണപ്രക്രിയയിലേക്ക് ആസ്വാദകനെ നയിക്കാൻ കവിതകൾക്ക്കൂടുതലായിസാധിക്കുന്നു.ഏതോകഥാപാത്രത്തിന്റെഭാവസ്പന്ദനങ്ങൾക്ക്അനുസരണമായി എഴുതുന്ന ഗാനങ്ങൾ കവിയുടെ ആത്മസ്പന്ദനമാകണമെില്ല. ചുരുക്കത്തിൽ മലയാളസിനിമ ഗാനങ്ങൾകൊണ്ടു മാത്രമല്ല ഹൃദയനിർമലീകരണ സ്വഭാവമുള്ള നിരവധി കവിതകൾകൊണ്ടും സമ്പന്നമാണ്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു കഥാസന്ദർഭത്തിനുവേണ്ടി മറ്റൊരാൾ

നല്കുന്ന സംഗീതത്തിൽ എഴുതുന്നവയാണ് ഗാനങ്ങൾ. എന്നാൽ കവിതകൾ പലപ്പോഴും ആത്മാവിൽ ഊറിക്കൂടിയ വികാരങ്ങളാണ്. ഗാനത്തിൽ സംഗീതസംവിധായകനാണ് കൂടുതൽ പ്രാധാന്യം. അതുപോലെ ചലച്ചിത്രങ്ങളിലെ കവിതയെയും സംവിധായകൻ സ്വാധീനിക്കുന്ന സാഹചര്യമുണ്ടാവാം. എങ്കിലും ഭാവസാന്ദ്രമായ കവിത സൃഷ്ടിക്കുന്ന അനുഭൂതിയുടെ തലം വേറിട്ടുനിൽക്കുന്നു. സിനിമകൾ പരാജയപ്പെട്ടാലും അതിലെ ഗാനങ്ങളും കവിതകളും അതിജീവിക്കുന്നതായി കാണാം.

## സഹായകഗ്രന്ഥങ്ങൾ


1. കുറുപ്പ് ഒ.എൻ.വി., (ആമുഖം), വയലാർ കൃതികൾ, ഡി.സി. ബുക്സ്, കോട്ടയം: 1996.
2. കോഴിക്കോടൻ, മലയാളസിനിമ എന്റെ പ്രേമഭാജനം, പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്: 1999.
3. ജോസ് കെ. മാനുവൽ (എഡി)., മാറുന്ന മലയാളസിനിമ, ഭാഷ, സംസ്കാരം, സമൂഹം, സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം: 2015.
4. ജോസഫ് വി.കെ., സിനിമയും പ്രത്യയശാസ്ത്രവും, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം:1997.
5. മനോജ് എം.ഡി., മലയാളസിനിമയിലെ കാഴ്ചയുടെ ഋതുഭേദങ്ങൾ, ചിന്ത പബ്ളിഷേഴ്സ്, തിരുവനന്തപുരം: 2018.
6. രാമകൃഷ്ണൻ ദേശമംഗലം, കാവ്യഭാഷയിലെ പ്രശ്നങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 1993.
7. ശാസ്ത്രമംഗലം ടി.പി., ഗാനസ്മൃതി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2018.
8. ശെൽവമണി കെ.ബി. (എഡി.), ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ, ഒലിവ്, കോഴിക്കോട്:2012.
9. സജീഷ്, എൻ.പി., തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റിയൂട്ട്, തിരുവനന്തപുരം: 2007.
10. ഹരികൃഷ്ണൻ നെത്തല്ലൂർ (എഡി.), ചലച്ചിത്രഗാനസാഹിത്യം, ചരിത്രം, സംസ്കാരം, ഭാവുകത്വം, ഹിസ്റ്ററി ആൻഡ് എപ്പിക്ക് ഫണ്ടമെന്റൽ റിസേർച്ച് ഫൗണ്ടേഷൻ, കോട്ടയം: 2019.